## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*278 — 10.07.2015 ൽ മറുപടിയ്ക്ക്

# കുട്ടനാട് പാക്കേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. അജിത് | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിച്ചത് എന്നാണ് ; കാലാവധി നീട്ടണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; | (എ) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചു. പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് കേന്ദ്ര സർക്കാരിന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രിയും കത്ത് നൽകിയിട്ടുണ്ട്. |
| (ബി) പാക്കേജിന്റെ മൊത്തം അടങ്കൽ എത്രയായിരുന്നു ; ഇതിൽ കേന്ദ്ര സംസ്ഥാന അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ; | (ബി) കുട്ടനാട് പാക്കേജിന്റെ മൊത്തം അടങ്കൽ തുക 1840.4 കോടി രൂപയാണ്. 50 ലക്ഷത്തിനു താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന്മേൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ തുടർ സ്കീമുകളിൽ ഡിപിആർ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾ അംഗീകാരം ലഭിച്ചു നടപ്പിലാക്കുന്നത്. പദ്ധതികൾ വിവിധ കേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാൽ ഓരോ സ്കീമുകളുടെയും മാനദണ്ഡങ്ങൾക്കനുസൃതമായി കേന്ദ്ര സംസ്ഥാന വിഹിതത്തിൽ വ്യത്യാസമുണ്ട്. |
| (സി) പാക്കേജിനായി മൊത്തം ചെലവഴിച്ച തുക എത്ര; യഥാസമയം ചെലവഴിക്കാത്തതുമൂലം കേന്ദ്ര വിഹിതം നഷ്ടപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര ; | (സി) കുട്ടനാട് പാക്കേജിൻ കീഴിൽ അംഗീകാരം ലഭിച്ച 1268.563 കോടി രൂപയിൽ 575.48 കോടി രൂപ റിലീസ് ചെയ്യുകയും ആയതിൽ നാളിതുവരെ മൊത്തം ചെലവഴിച്ചത് 507.801 കോടി രൂപയുമാണ്. |

| | |
|---|---|
| (ഡി) വിവിധ ഏജൻസികൾ നടപ്പാക്കിയ പദ്ധതികളിൽ ക്രമക്കേടുകൾ നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടിയെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള അപാകതകൾ സംബന്ധിച്ച പരാതികൾ ലഭിക്കുന്നത് പരിഹരിക്കാനായി ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നല്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**